## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ റിട്ട. മുനിസിപ്പൽ സെക്രട്ടറി ശ്രീ.ബി. ഇന്ദ്രബാലൻ പിള്ള ഫയൽ ചെയ്ത OA No. 509/2015 മേലുള്ള 18.10.2016 തീയതിയിലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

======================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 590/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 02.03.2017.

======================================================================

**പരാമർശം :**
1) കോട്ടയം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ബി. ഇന്ദ്രബാലൻ പിള്ളയ്ക്ക് നൽകിയ 22.10.2012 തീയതിയിലെ 70709/ഇയു1/08/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
2) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ഇന്ദ്രബാലൻ പിള്ള സമർപ്പിച്ച 08.01.2013 തീയതിയിലെ പ്രതിവാദ പത്രിക.
3) നഗരകാര്യ ഡയറക്ടറുടെ 16.07.2015, 14.09.2015 തീയതികളിലെ വി1-4317/08/ന.ക.വ. നമ്പർ കത്തുകൾ.
4) റിട്ട. മുനിസിപ്പൽ സെക്രട്ടറി ശ്രീ.ബി. ഇന്ദ്രബാലൻ പിള്ള ഫയൽ ചെയ്ത OA No. 509/2015 മേലുള്ള 18.10.2016 തീയതിയിലെ വിധിന്യായം.
5) അഡ്വക്കേറ്റ് ജനറലിന്റെ 08.11.2016 തീയതിയിലെ സി4/ഒ.എ. നം. 509/15/AGO നമ്പർ കത്ത്.

### ഉത്തരവ്

1997-98 കാലയളവിലെ കായംകുളം നഗരസഭയുടെ ജനകീയാസൂത്രണ പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതിക്കായി വകയിരുത്തിയിരുന്ന 15,11,470/- രൂപയിൽ നിന്നും റോഡുകളുടെ ആവശ്യത്തിന് ടാർ വാങ്ങാനെന്ന പേരിൽ 10,00,000/- രൂപ പിൻവലിച്ച് അനധികൃതമായി വകമാറ്റി ചെലവഴിച്ചിട്ടുള്ളതായി കണ്ടെത്തുകയും ആയതിനുത്തരവാദി- യായിരുന്ന കായംകുളം നഗരസഭാ സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന് പന്ത്രണ്ടാം കേരള നിയമസഭാ ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2006-2008) യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 29-30 പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി. കൂടാതെ ആലപ്പുഴ നഗരസഭ, 1997-98, 1998-99 എന്നീ വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നും 1,52,78,588/- രൂപ KUDFC - യിൽ വായ്പ തിരിച്ചടവിനത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട് എന്നും ഇതിൽ 25 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് മുനിസിപ്പൽ ഫണ്ടിൽ അടച്ചതും അത് പിന്നീട് 5 ലക്ഷം രൂപയുടെ 5 ഗഡുക്കളായി അടച്ചതാണെന്നും എന്നാൽ ഇതിൽ 95,23,207/- രൂപ പിഴപ്പലിശയിനത്തിലാണ് ഒടുക്കിയിട്ടുള്ളതെന്നും നഗരസഭ തവണകൾ കൃത്യമായി ഒടുക്കാതിരുന്നതുമൂലം

ഉണ്ടായ പിഴപ്പലിശ പദ്ധതി വിഹിതത്തിൽ നിന്നും നഗരസഭാ സെക്രട്ടറി സർക്കാർ അനുമതി ഇല്ലാതെ ഒടുക്കു വരുത്തുകയും ചെയ്തിട്ടുണ്ടെന്നും കണ്ടെത്തി ആലപ്പുഴ നഗരസഭാ സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടിയെടുക്കണമെന്ന് പന്ത്രണ്ടാം കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-2008) യുടെ ഒന്നാമത് റിപ്പോർട്ടിലെ 114, 116 ഖണ്ഡികകളിൽ ശുപാർശ ചെയ്തു.

2) 1997-98 കാലയളവിൽ കായംകുളം, ആലപ്പുഴ എന്നീ നഗരസഭകളിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ബി. ഇന്ദ്രബാലൻ പിള്ളയ്ക്ക് അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം ഒന്ന് പ്രകാരം കുറ്റാരോപണ മെമ്മോ നൽകി.

3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള സമർപ്പിച്ച പരാമർശം രണ്ടിലെ പ്രതിവാദ പത്രികയിൽ 1997-98 ജനകീയാസൂത്രണ നടത്തിപ്പിന്റെ ആദ്യവർഷകാലഘട്ടമാണ് സാർവ്വത്രികമായി ആശയക്കുഴപ്പങ്ങളും പരിചയക്കുറവും പദ്ധതി നിർവ്വഹണം പുതിയ രീതിയിൽ ആരംഭിക്കുന്നതു മൂലം അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ട് പദ്ധതി ചിലവ് 90% എങ്കിലും ഉണ്ടായിരിക്കണമെന്നും മേഖലാ വിഭജനം കാര്യമാക്കാതെ ചിലവ് നടത്തണമെന്നും ആയത് 90% എങ്കിലും ഉണ്ടായിരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും മേഖലയിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കുറവു വന്നാൽ ആ കുറവ് പിറ്റേ വർഷത്തെ പൊതു ഫണ്ടിൽ നിന്നും പരിഹരിക്കുന്നതിനും അനുവദിച്ചതിനാൽ വകയിരുത്തിയ തുകയിൽ നിന്നും വകമാറ്റി ചെലവു ചെയ്തു എന്ന ആരോപണം വസ്തുതയ്ക്ക് വിരുദ്ധമാണ് എന്നും ആലപ്പുഴ നഗരസഭയിൽ ജോലിനോക്കി വരവേ 97-98, 98-99 വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നും കെ.യു.ഡി.എഫ്.സി.യിൽ പിഴപ്പലിശ ഒടുക്കു വരുത്തി എന്ന ആരോപണം അടിസ്ഥാന രഹിതമാണ് എന്നും 1997-98, 1998-99 കാലഘട്ടത്തിൽ ടിയാൻ ആലപ്പുഴ നഗരസഭയിൽ ജോലി ചെയ്തിട്ടില്ല എന്നും, 2001 ഡിസംബർ 31-നാണ് ടിയാൾ അവിടെ സെക്രട്ടറിയായി സ്ഥാനമേൽക്കുന്നത് എന്നതിനാൽ 1997-98, 1998-99 കാലത്തെ സംഗതികൾക്ക് ടിയാൻ ഉത്തരവാദിയല്ല എന്നും വസ്തുതകൾ വിലയിരുത്താതെയും രേഖകളും സർക്കാർ ഉത്തരവുകളും പരിശോധിക്കാതെയും ലോക്കൽ ഫണ്ട് ഉദ്യോഗസ്ഥൻമാർ നൽകിയ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരെ ആരോപണം ഉന്നയിച്ചിട്ടുള്ളത് എന്നും ടിയാൻ 2012 നവംബർ 30-ാം തീയതി റിട്ടയർ ചെയ്തിട്ടുള്ളതും ആകയാൽ തനിയ്ക്കെതിരെ നടപടികൾ സ്വീകരിക്കരുതെന്നും ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള അപേക്ഷിച്ചു.

4) കെ.യു.ഡി.എഫ്.സി. ലോൺ റീ-പെയ്മെന്റിനായി 30.06.1998-ൽ വൗച്ചർ നമ്പർ 224-6/98 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ഒരുമിച്ച് 25,00,000/- രൂപയാണ് പിൻവലിച്ചിട്ടുള്ളതെന്നും, ശ്രീ. സി.ഇ. ബഷീർ (18.03.1998 മുതൽ 14.08.1998) നഗരസഭാ സെക്രട്ടറിയും, ശ്രീമതി.പി. ശ്യാമള (01.01.1998 മുതൽ 18.09.1998) ചീഫ് അക്കൗണ്ടന്റും, ശ്രീമതി.എം. ലൈലാബീവി (01.01.1998 മുതൽ 31.07.1998) അക്കൗണ്ടന്റും, ശ്രീമതി. റ്റി.കെ. വിജയകുമാരി (01.01.1998 മുതൽ 31.12.1998) സെക്ഷൻ ക്ലാർക്കും ആയിരുന്ന കാലഘട്ടത്തിലും, പ്രസ്തുത തുക 14.10.1998, 30.10.1998, 23.11.1998 എന്നീ കാലയളവുകളിൽ 5,00,000/- രൂപ വീതം 5 ഗഡുക്കളായി കെ.യു.ഡി.എഫ്.സി യിൽ ഒടുക്കിയിട്ടുള്ളത് ശ്രീ.പി.വി. ജ്യോതി (17.08.1998 മുതൽ 19.12.2000) നഗരസഭാ സെക്രട്ടറിയും, ശ്രീ. ബി. ശശിധരൻ നായർ (18.09.1998 മുതൽ 31.12.1998) ചീഫ് അക്കൗണ്ടന്റും, ശ്രീമതി. പി.എൻ. പൊന്നമ്മ (01.02.1998 മുതൽ 31.12.1998) അക്കൗണ്ടന്റും, ശ്രീമതി. റ്റി.കെ. വിജയകുമാരി (01.01.1998 മുതൽ 31.12.1998) സെക്ഷൻ ക്ലാർക്കും ആയിരുന്ന

കാലഘട്ടത്തിലുമാണെന്നും, കൂടാതെ 1997 ജനുവരി മുതൽ 29.02.2000 വരെ ശ്രീ.ബി. ഇന്ദ്രബാലൻ പിള്ള കായംകുളം നഗരസഭയിൽ സെക്രട്ടറിയായി സേവനമനുഷ്ഠി ച്ചിട്ടുള്ളതും ആലപ്പുഴ നഗരസഭയിൽ 15.12.2001 മുതൽ 20.05.2003 വരെയും 03.03.2004 മുതൽ 30.08.2005 വരെയും 12.01.2006 മുതൽ 15.09.2006 വരെയും സേവനമനുഷ്ഠിച്ചിട്ടുള്ളതായും ടിയാന്റെ മറുപടിയിൽ സൂചിപ്പിച്ചത് തികച്ചും വാസ്തവമാണെന്ന് കാണുന്നതായും നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം അറിയിക്കുകയുണ്ടായി.

5. ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.509/2015 ലെ പരാമർശം നാലിലെ ഉത്തരവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവായി.

***"The applicant has also sought for a direction to release the remaining pensionary benefits to him and it is stated in the reply statement that the eligible pensionary benefits will be sanctioned to him after finalization of the disciplinary actions pending against him. As it is already found that the scope of the disciplinary action under the KCS(CC&A) Rules is very limited and the sustainability of the charges against the applicant is seriously doubted, the 1st respondent has to take a final decision as to whether it is necessary to continue the disciplinary action. Such a decision is to be taken by the 1st respondent within a period of one month from the date of receipt of a certified copy of this order. The applicant shall be given an opportunity for hearing before any orders are passed in this regard. If it is decided to proceed with the disciplinary action it should be concluded within a period of two months from the date of such order. The amounts due towards DCRG and other amounts to the applicant shall be released to him within one month from the date of termination of the disciplinary action against him."***

6. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ 13.01.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിട്ട് കേട്ടു. 1997-98 കാലയളവിൽ എസ്.സി. കാറ്റഗറിക്കായി പ്രത്യേകമായി ഫണ്ട് അലോട്ട് ചെയ്തിരുന്നില്ലായെന്നും 1997-98 കാലത്ത് താൻ ആലപ്പുഴ നഗരസഭയിൽ ജോലി ചെയ്തിട്ടില്ലായെന്നും, ആയതിനാൽ തനിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് തന്റെ ഡി.സി.ആർ.ജി., Earned Leave Surrender എന്നിവ റിലീസ് ചെയ്യണമെന്നും ടിയാൻ ഹിയറിംഗിൽ ആവശ്യപ്പെട്ടു.

7. ശ്രീ. ബി. ഇന്ദ്രബാലൻ പിള്ളയുടെ വാദഗതികൾ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. പത്ത് ലക്ഷം രൂപ വകമാറ്റി ചിലവഴിച്ച് ടാർ വാങ്ങി എന്നത് സംബന്ധിച്ച് ശ്രീ. ബി. ഇന്ദ്രബാലൻ പിള്ളയുടെ അവകാശവാദം വാസ്തവമാണ് എന്നും, ടിയാൻ 1997-98 കാലഘട്ടത്തിൽ ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി ജോലി ചെയ്തിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. ഈ സാഹചര്യത്തിൽ ശ്രീ. ഇന്ദ്രബാലൻ പിള്ളയുടെ മറുപടിയും ടിയാൻ സർവ്വീസിൽ നിന്ന് വിരമിച്ചയാളാണെന്ന വസ്തുതയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), ആഡിറ്റ്, തൃശൂർ
അഡ്വക്കേറ്റ്-ജനറൽ, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,
തിരുവനന്തപുരം. (ആമുഖ കത്തു സഹിതം)
ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**